**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 396** **05-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞപ്രകാരം സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ധനസഹായത്തോടെ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ.ഉ.(സാധാ) നം.5503/2018/ജി.ഇ.ഡി.എൻ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് ഒരു കോടി രൂപ വീതം ഫണ്ട് അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ധനുവച്ചപുരം ഗവ. ജി.എച്ച്.എസ്. നവീകരിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ഈ സ്കൂളിനെ ഒഴിവാക്കിയ സാഹചര്യം എന്താണെന്ന് അറിയിക്കാമോ; | (എ) | 31/12/2018 ലെ സ.ഉ.(സാധാ) നം. 5503/2018/ പൊ.വി.വ ഉത്തരവിന്റെ അനുബന്ധമായി ചേർത്ത 444 സ്കൂളുകളുടെ വിശദമായ പരിശോധനയിൽ ഡ്യൂപ്ലിക്കേഷൻ വന്നതിനാലും മറ്റും ഇതിലെ 5സ്കൂളുകൾ ഒഴിവാക്കിയപ്പോഴാണ് ഗവണ്മെന്റ് ജി.എച്ച്.എസ് ധനുവച്ചപുരം ഒഴിവാക്കപ്പെട്ടത് |
| (ബി) | ഉദ്യോഗസ്ഥർക്ക് സംഭവിച്ച സാങ്കേതിക പിഴവ് കാരണം പുതുക്കിയ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടതും അഞ്ഞൂറിലധികം വിദ്യാർത്ഥികൾ പഠിക്കുന്നതും അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്നതുമായ പ്രസ്തുത സ്കൂളിനെ പട്ടികയിൽ തിരികെ ഉൾപ്പെടുത്തി നവീകരണ നടപടികൾ കൈക്കൊള്ളുമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സ്കൂളുകളുടെ അന്തിമ പട്ടിക തയ്യാറാക്കി കഴിഞ്ഞതിനാൽ, പ്രസ്തുത പട്ടികയിൽ ഗവണ്മെന്റ് ഗേൾസ്.എച്ച്.എസ് ധനുവച്ചപുരത്തെ ഉൾപ്പെടുത്തുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത് |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരമുള്ള മറ്റ് പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (സി) | പാറശ്ശാല നിയോജക മണ്ഡലത്തിലെ 1കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ഭരണാനുമതി ലഭ്യമായ ഗവ.എച്ച്..എസ്.എസ് മൈലച്ചലിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതിക്കായി എൽ.എസ്.ജി.ഡി യിൽ സമർപ്പിച്ചിട്ടുണ്ട് കീഴാറൂർ ഗവ.എച്ച്.എസ്.എസിന്റെ നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട് ഗവ.എച്ച്.എസ്.എസ്.ആനാവൂർ, എം.കെ.എം.ജി.എച്ച്.എസ്.എസ് ധനുവച്ചപുരം എന്നീ സ്കൂളുകളുടെ ടെൻഡർ നടപടി പൂർത്തിയാക്കി എഗ്രിമെന്റ് ഒപ്പ് വച്ച് നിർമാണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

| | | | |
|---|---|---|---|
| (ഡി) | മൂന്ന് കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച പാറശ്ശാല ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (ഡി) | പാറശാല ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ച എസ്.പി.വി ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ